# പതിമൂന്നാം കേരള നിയമസഭ
# രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ-4916 21.10.2011-ൽ മറുപടിക്ക്

## കാസർഗോഡ് ജില്ലയിലെ 'പൈക്ക പദ്ധതി'

**ചോദ്യം**

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

**മറുപടി**

ശ്രീ. കെ. ബി. ഗണേഷ്കുമാർ
(വനവും സ്പോർട്സും
സിനിമയും വകുപ്പുമന്ത്രി)

(എ) 'പൈക്ക പദ്ധതി' പ്രകാരം എന്തൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(എ) രാജ്യത്ത് കായിക രംഗത്തിന്റെ സമഗ്ര വികസനം മുന്നിൽ കണ്ട് ഗ്രാമീണ മേഖലയിൽ അനുഭവപ്പെടുന്ന കളിസ്ഥലങ്ങളുടെ അപര്യാപ്തത പരിഹരിച്ചും പഞ്ചായത്ത് തലത്തിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ചും ബ്ലോക്ക്/ജില്ലാ/സംസ്ഥാന/ദേശീയ തലങ്ങളിൽ കൃത്യമായി വാർഷിക മത്സരങ്ങൾ സംഘടിപ്പിച്ചും ഗ്രാമീണരായ യുവജനങ്ങളെ സ്പോർട്സിൽ ആകൃഷ്ടരാക്കി മികച്ച കായിക താരങ്ങളെ സൃഷ്ടിക്കുന്നതിനായി കേന്ദ്ര/സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടത്തുന്ന കേന്ദ്ര സഹായ പദ്ധതിയാണ് പഞ്ചായത്ത് യുവ ക്രീഡ ഓർ ഖേൽ അഭിയാൻ (പൈക്ക). ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളാണ്. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ കായിക പരിശീലനത്തിനും കളികൾ നടത്തുന്നതിനും ആവശ്യമായ നിശ്ചിത നിലവാരത്തിലുള്ള കളിസ്ഥലങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കി സ്ഥിരമായ പരിശീലനം നൽകുന്നു. ബ്ലോക്ക്/ജില്ലാ/സംസ്ഥാനതലങ്ങളിൽ കൃത്യമായി വാർഷിക മത്സരങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. 2008-09-ൽ ആരംഭിച്ച ഈ പദ്ധതി 2016-17-നകം ഘട്ടംഘട്ടമായി എല്ലാ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിലും വ്യാപിപ്പിക്കുന്നതാണ്. ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകുന്ന ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനും, കായിക പരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പിനും അത്തരം കേന്ദ്രങ്ങളിലേക്ക് കായിക ഉപകരണങ്ങൾ ആർജ്ജിക്കുന്നതിനും നിശ്ചിത മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഒറ്റത്തവണ പ്രാരംഭ മൂലധന ഗ്രാന്റ്, ആന്വൽ അക്വിസിഷൻ ഗ്രാന്റ്, ആന്വൽ ഓപ്പറേഷണൽ ഗ്രാന്റ്, കോമ്പറ്റീഷൻ ഗ്രാന്റ് എന്നീ കേന്ദ്ര/സംസ്ഥാന ഗ്രാന്റുകൾ ലഭിക്കാൻ അർഹതയുണ്ട്;

| | |
|---|---|
| (ബി) കാസർഗോഡ് ജില്ലയിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര തുക അനുവദിച്ചിട്ടു ണ്ടെന്നും എത് ഏജൻസി മുഖേനയാണ് നട പ്പിലാക്കുന്നതെന്നും വിശദമാക്കാമോ; | (ബി) ഈ പദ്ധതി പ്രകാരം 2008-09 വർഷം 36,40,000/- രൂപയും 2009-10 വർഷം 4,63,30,000/- രൂപയും വിതരണം ചെയ്തിട്ടുണ്ട്. ജില്ലാ തലത്തിൽ ജില്ലാ സ്പോർട്സ് കൗൺസി ലുകളെയും പഞ്ചായത്ത് തലത്തിൽ പഞ്ചാ യത്ത് സ്പോർട്സ് കൗൺസിലുകളെയുമാണ് നിർവ്വഹണ ഏജൻസികളായി നിയുക്തമാക്കി യിട്ടുള്ളത്; |
| (സി) പ്രസ്തുത പദ്ധതിയിലൂടെ അനുവദിച്ച തുക യഥാസമയം ചെലവഴിക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശ ങ്ങൾ അറിയിക്കാമോ;<br><br>(ഡി) എങ്കിൽ പ്രസ്തുത ഏജൻസികളിൽ നിന്ന് തുക മാറ്റി നൽകുന്നകാര്യം പരിഗണി ക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ? | (സി) & (ഡി) പൈക്ക പദ്ധതി പ്രകാരം വിത രണം ചെയ്ത തുക യഥാസമയം വേണ്ട വിധ ത്തിൽ വിനിയോഗിക്കാതിരുന്ന കാര്യം ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര മാനദണ്ഡങ്ങൾ പ്രകാരം പൈക്ക ഗ്രാന്റ് ഗ്രാമ/ബ്ലോക്ക് പഞ്ചായ ത്തുകൾക്ക് മാത്രമേ നൽകാൻ കഴിയൂ. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിലെ സ്ക്കൂളു കളെ പരിശീലന കേന്ദ്രങ്ങളായി തെരഞ്ഞെടു ത്ത് ബന്ധപ്പെട്ട സ്ക്കൂളിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും സഹകരണത്തോടുകൂടി പൈക്ക പദ്ധതി വിജയകരമായി നടപ്പിലാക്കു വാൻ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ